﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾

## ഇസ്തിഗാസ;

# സൂറതു നിസാഇൽ




യാസീൻ കാമിൽ സഖാഫി കല്ലുവെട്ടുപാറ

SUNNAH CLUB

Sunnahclub.in

﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾

# ഇസ്തിഗസ
# സൂറത്തു നിസാഇൽ

മുഹമ്മദ് യാസീൻ കാമിൽ സഖാഫി കല്ലുവെട്ടുപാറ

SUNNAH CLUB

Click to follow us:

Sunnahclub.in

# ആമുഖം

മുസ്ലിം ലോകം ഒന്നടങ്കം അംഗീകരിച്ചു പോന്ന ഇസ്തിഗാസക്ക് പ്രമാണങ്ങളിൽ നിരവധി തളിവുകൾ കാണാനാകും. പരിശുദ്ധ ഖുർആനിലെ വളരെ വ്യക്തമായ ഒരു ആയതാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അതിനെ ഇസ്തിതിഗാസക്ക് തെളിവായി എണ്ണമറ്റ ഇമാമീങ്ങൾ പരിചയപ്പെടുത്തുന്നു. ഇതിനു മുന്നിൽ പിടിച്ചു നിൽക്കാൻ സാധിക്കാത്തതിനാൽ ബിദ്അതുകാർ പല നിലക്കും നടത്തുന്ന ദുർവ്യാഖ്യാനങ്ങൾക്കുള്ള മറുപടിയും ഇതിൽ നൽകുന്നു. റബ്ബ് സ്വീകരിക്കുമാറാകട്ടെ.. ആമീൻ!

## വിഷയങ്ങൾ

- ആയത് ഇസ്തിഗാസക്ക് പ്രാമാണമാണ്.
- ഉത്ബി(റ) വിന്റെ സംഭവം
- ചോദ്യങ്ങളും മറുപടിയും
  - ✓ നബി(സ)യുടെ കാലത്തേക്ക് മാത്രമോ!?
  - ✓ ഇതനുസരിച്ചില്ലെങ്കിൽ തെറ്റു പൊറുക്കില്ലേ..
  - ✓ സംഭവം തവസ്സുലിനുള്ള തെളിവ് മാത്രമോ!?
  - ✓ ഉത്ബി(റ) വിനെ കുറിച്ചുള്ള ആരോപണങ്ങൾ
- ചില കിതാബുകളിലൂടെ...

Version: 02.2

# സൂറതു നിസാഇലെ 64 ആം ആയതും ഇസ്തിഗാസക്കുള്ള തെളിവും

പരിശുദ്ധ ഖുർആനിൽ ഇസ്തിഗാസക്ക് വ്യക്തമായ തെളിവായി മുൻ കഴിഞ്ഞ സകല ഇമാമീങ്ങളും കൊണ്ടുവന്ന ഒരു ആയതാണ് സൂറതുന്നിസാഇലെ 64 ആം ആയത്. നൂറുകണക്കിന് ഇമാമീങ്ങൾ ഇസ്തിഗാസ ചെയ്യണമെന്ന് പറയാൻ തെളിവാക്കിയ ആയതാണിത്. സ്വാഭാവികമായും ബിദ്അതുകാർക്ക് അവരുടെ നിയമങ്ങൾക്കെതിരെയുള്ള പ്രമാണങ്ങൾക്കു മുന്നിൽ പിടിച്ചു നിൽക്കാനാവാതെ വരുമ്പോൾ ദുർവ്യാഖ്യാനമാണ് മാർഗ്ഗമായുണ്ടാവുക. ഇവിടെ അതിന് ഒരു പഴുതുമില്ലാത്ത വിധം നൂറ്റാണ്ടുകളോളമായി മുസ്ലിംകൾ തെളിവാക്കി വരുന്ന ആയതാണ്.

നിസാഅ് സൂറതിലെ ഈ 64ത്തെ ആയതും അർത്ഥവും.

﴿ومَا أَرْسَلْنَا مِن رَّسُولٍ إلاَّ لِيُطَاعَ بِإِذْنِ اللَّهِ ولَوْ أَنَّهُمْ إِذ ظَّلَمُوا أَنفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ واسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَّحِيمًا﴾ [النساء: ٦٤]

“അല്ലാഹുവിന്റെ സമ്മതപ്രകാരം വഴിപ്പെടാൻ വേണ്ടിയല്ലാതെ ഒരു പ്രവാചകനേയും നമ്മൾ അയച്ചിട്ടില്ല. അവർ ആ

രെങ്കിലും സ്വശരീരത്തോട് അക്രമം ചെയ്യുകയും, അങ്ങയുടെ ചാരെ വരികയും അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും അവർക്കുവേണ്ടി തിരുനബി(സ) പൊറുക്കലിനെ തേടുകയും ചെയ്താൽ അല്ലാഹുവിനെ അവർ തൌബ സ്വീകരിച്ചവനായി എത്തിക്കുന്നതാണ്."**(നിസാഅ്:64)**

തിന്മ ചെയ്തവരോട് അല്ലാഹു വ്യക്തമായി നിർദ്ദേശിക്കുന്നത് മുത്ത് നബി(സ)യുടെ ചാരത്തേക്ക് പോകുവാനാണ്. അതിനൊപ്പം തന്നെ നബി(സ) അവർക്ക് വേണ്ടി പൊറുക്കലിനെ ചോദിക്കുകയും ചെയ്താൽ അല്ലാഹു പൊറുത്തു തരുമെന്നും പറയുന്നു. ഇവിടെ മുത്ത്നബി(സ)യെ സമീപ്പിക്കാൻ വേണ്ടി പറഞ്ഞത് സമീപ്പിക്കുന്നവർ അവിടുത്തോട് പൊറുക്കലിനെ ആവശ്യപ്പെടാൻ വേണ്ടി കൂടിയാണ്. അതുകാണ്ടാണ് അവിടുത്തെ സമീപ്പിച്ചതിനു ശേഷം 'നബി(സ) അവർക്കു വേണ്ടി പൊറുക്കലിനെ തേടുകയും ചെയ്താൽ' എന്ന് റബ്ബ് പറഞ്ഞത്. തെറ്റു ചെയ്തവർ നബി(സ)യുടെ ചാരത്തു വന്നു, വന്ന ആവശ്യം പറയാതെ അവിടുന്ന് വന്നവർക്കു വേണ്ടി പൊറുക്കലിനെ തേടുക എന്നത് അവിടുത്തെ ജീവിത കാലത്തു പോലും നടക്കില്ലെന്ന് ബിദ്അതുകാർ പച്ചക്കു വാദിക്കുന്ന കാര്യമാണ്. കാരണം തെറ്റുമായി എത്തുന്നവരുടെ മനസ്സിലുള്ള ആവശ്യം നബി(സ) അറിഞ്ഞാലല്ലെ അവർക്ക് പൊറുത്തു കൊടുക്കാൻ ദുആ ചെയ്യുകയുള്ളൂ... അത് പറയാതെ നബി(സ) അറിയുമെന്ന് വിശ്വസിച്ചാൽ ഇവരുടെ നിയമത്തിൽ നബി(സ)ക്ക് മറഞ്ഞത് അറിയുമെന്ന് പറയേണ്ടി വരും. അതിവർക്ക് കടുത്ത ശിർക്കുമാണ്.

അതുകൊണ്ട് ഈ ആയതിലെ "നബി(സ)യുടെ ചാരെ വരികയും അവിടുന്ന് നമുക്കുവേണ്ടി പൊറുക്കലിനെ ചോദിക്കുകയും" എന്നതിന്റെ അർത്ഥം 'വന്നതിനു ശേഷം അവിടുത്തോട് പൊറിക്കലിനെ തേടാൻ ആവശ്യപ്പെട്ടതു കാരണം അ

വിടുന്ന് പൊറുക്കലിനെ തേടിയാൽ’ എന്നാണ്. ഇതു കാരണമാണ് സകല ഇമാമീങ്ങളും ഈ ആയതിന് ആ രൂപത്തിൽ തന്നെ വ്യാഖ്യാനം നൽകിയത്.

ഇബ്നു കസീർ തന്റെ തഫ്സീറിൽ ഈ ആയത് വിശദീകരിക്കുന്നു:

وقوله: ﴿وَلَوْ أَنْهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ يُرْشِدُ تَعَالَى الْعُصَاةَ وَالْمُذْنِبِينَ إِذَا وَقَعَ مِنْهُمُ الْخَطَأُ وَالْعِصْيَانُ أَنْ يَأْتُوا إِلَى الرَّسُولِ ﷺ فَيَسْتَغْفِرُوا اللَّهَ عِنْدَهُ، وَيَسْأَلُوهُ أَنْ يَسْتَغْفِرَ لَهُمْ، فَإِنَّهُمْ إِذَا فَعَلُوا ذَلِكَ تَابَ اللَّهُ عَلَيْهِمْ وَرَحِمَهُمْ وَغَفَرَ لَهُمْ،

- تفسير ابن كثير - ت السلامة ٢/٣٤٨،٣٤٧ — ابن كثير (ت ٧٧٤)

“തെറ്റുകുറ്റങ്ങൾ സംഭവിച്ചവരോട്[1] മുത്ത്നബി(സ) യുടെ ചാരെ പോകുവാനും അവിടെനിന്ന് അല്ലാഹുവിനോട് പൊറുക്കലിനെ തേടാനും നബി(സ)യോട് തനിക്ക് വേണ്ടി പൊറുക്കലിനെ തേടാൻ ആവശ്യപ്പെടാനുമാണ് അല്ലാഹു ഈ ആയതിലൂടെ നിർദ്ദേശിക്കുന്നത്. ഇങ്ങനെ ഒരാൾ ചെയ്താൽ അല്ലാഹു അവരുടെ തൗബ സ്വീകരിക്കുകയും തെറ്റു പൊറുത്തുകൊടുക്കുകയും ചെയ്യും.” **(തഫ്സീർ ഇബ്നു കസീർ: 2/347,348)**

വ്യക്തമായി തന്നെ അല്ലാഹു ഈ ആയതിലൂടെ കൽപ്പിക്കുന്നത് നബി(സ)യോട് പൊറുക്കലിനെ തേടാൻ ആവശ്യപ്പെടാനാണെന്ന് ഇബ്നു കസീർ തന്നെ പറയുന്നുണ്ടെങ്കിൽ ഈ ആയതിന് അതേ അർത്ഥം നൽകുന്നത് ഒരിക്കലും തെറ്റല്ല. കാരണം ഖുർആനിന് അതിന്റെ തഫ്സീർ നൽകുന്ന അർത്ഥമാണല്ലോ നൽകേണ്ടത്. ഇത് ഒരൊറ്റ തഫ്സീറിൽ മാത്രം ഒ

[1] ഇതിൽ നിന്ന് തന്നെ എക്കാലത്തേക്കും ഇത് ബാധകമാണെന്നത് വ്യക്തമാണ്. വിശദമായി ചോദ്യോത്തര ഭാഗത്ത് വരും.

Sunnahclub.in

തുങ്ങി നിൽക്കുന്ന ആശയമല്ല. നിരവധി മുഫസ്സിരീങ്ങൾ ഈ ആയത് ഈ നിലക്കുതന്നെ വിശദീകരിച്ചിട്ടുണ്ട്.[1]

ഈ ആയത് സ്വഹാബത്തിനും വളരെ സന്തോഷം നൽകിയ ആയതാണ്. ദുൻയാവും അതിലുള്ള മുഴുവനും എനിക്ക് ലഭിക്കുന്നതിനേക്കാൾ എന്നെ സന്തോഷിപ്പിക്കുന്ന സൂറതു നിസാഇലെ അഞ്ചു ആയതുകളുണ്ടെന്ന് പറഞ്ഞുകൊണ്ട് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) എണ്ണിയ ഒരായത് ഈ 64 മത്തെ ഈ ആയതായിരുന്നുവെന്ന് ഇമാം ഹാക്കിം സ്വഹീഹായി ഉദ്ധരിച്ച ഹദീസിൽ കാണാം.

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ ، قَالَ: «إِنَّ فِي سُورَةِ النِّسَاءِ لِخَمْسَ آيَاتٍ مَا يَسُرُّنِي أَنَّ لِي بِهَا الدُّنْيَا وَمَا فِيهَا ﴿إِنَّ اللَّهَ لَا يَظْلِمُ مِثْقَالَ ذَرَّةٍ وَإِنْ تَكُ حَسَنَةً يُضَاعِفْهَا وَيُؤْتِ مِنْ لَدُنْهُ أَجْرًا عَظِيمًا﴾ [النساء: ٤٠] ﴿إِنْ تَجْتَنِبُوا كَبَائِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنْكُمْ سَيِّئَاتِكُمْ وَنُدْخِلْكُمْ مُدْخَلًا كَرِيمًا﴾ [النساء: ٣١] ﴿إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ﴾ [النساء: ٤٨] ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ ﴿وَمَنْ يَعْمَلْ سُوءًا أَوْ يَظْلِمْ نَفْسَهُ ثُمَّ يَسْتَغْفِرِ اللَّهَ يَجِدِ اللَّهَ غَفُورًا رَحِيمًا﴾ [النساء: ١١٠]» قَالَ عَبْدُ اللَّهِ: مَا يَسُرُّنِي أَنَّ لِي بِهَا الدُّنْيَا وَمَا فِيهَا «هَذَا إِسْنَادٌ صَحِيحٌ إِنْ كَانَ عَبْدُ الرَّحْمَنِ سَمِعَ مِنْ أَبِيهِ فَقَدِ اخْتُلِفَ فِي ذَلِكَ»

- **المستدرك على الصحيحين للحاكم - ط العلمية ٣٣٤/٢ — أبو عبد الله الحاكم (ت ٤٠٥)**

ഇമാം ബൈഹഖി(റ) അടക്കം നിരവധി ഇമാമീങ്ങൾ ഈ ആയത് ഇസ്തിഗാസക്ക് തെളിവായി മനസ്സിലാക്കിയിട്ടുണ്ട്. പ്രസിദ്ധ മുഹദ്ദിസ് ഇമാം ഇബ്നു അബ്ദുൽ ബർ(റ) (ഹി.4 63) തന്റെ കിതാബിൽ 'ചില ദുആകൾ' എന്ന അധ്യായത്തിൽ നൽകിയ സംഭവം കാണുക.

---

[1] ബാക്കി നഖലുകൾ ഏറ്റവും അവസാനത്തിൽ നൽകും.

Sunnahclub.in

ووقف أعرابي على قبر النبي ﷺ فقال: بأبي أنت وأمي يا رسول الله، أوصيتنا فقبلنا منك، وحفظنا عنك مما وعيت عن ربك: ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفِرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ وقد ظلمنا أنفسنا فاستغفر الله لذنوبنا، وقد أتيناك فاستغفر لنا. ثم بكى.

- **بهجة المجالس و أنس المجالس ٢٣٣/١ — ابن عبد البر (ت ٤٦٣)– باب لمع من الدعاء**

ഒരു അഅ്റാബി നബി(സ)യുടെ ഖബ്റിനു ചാരെ വന്നു പറഞ്ഞു. "എന്റെ മാതാപ്പിതാക്കൾ അങ്ങേക്ക് അർപ്പിതം. അങ്ങ് ഞങ്ങളോട് വസ്വിയ്യത് ചെയ്തു. ഞങ്ങളത് സ്വീകരിച്ചു. അങ്ങ് റബ്ബിൽ നിന്ന് സ്വീകരിച്ച ഖുർആനിൽ ഉണ്ട്. ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ എന്നആയത്. ഞങ്ങൾ സ്വശരീരങ്ങളോട് തെറ്റു ചെയ്തവരാണ്. അതുകൊണ്ട് അങ്ങ് ഞങ്ങളുടെ തെറ്റിന്റെ കാര്യത്തിൽ അല്ലാഹുവിനോട് പോറുക്കലിനെ തേടണേ.. ഞങ്ങൾ അങ്ങയുടെ ചാരെ വന്നത് അതിനാണ്." പിന്നെ അദ്ദേഹം കരഞ്ഞു.(**ബഹ്ജതുൽ മജാലിസ്/ഇമാം ഇബ്നു അബ്ദിൽ ബർ(റ:1/332)**

ഇമാം ബൈഹഖി(റ) അവിടുത്തെ ശുഅ്ബുൽ ഈമാനിൽ ഹജ്ജിന്റെ ബാബിൽ ഈ ആയതുമായി നല്ല ബന്ധമുള്ള ഉത്ബി(റ) വിന്റെ സംഭവം ഉദ്ധരിക്കുന്നുണ്ട്. വിശദമായി അതു മാത്രം പറയുന്ന ഭാഗത്തു വരും.

ഇനി മറ്റു ഇമാമീങ്ങളിലേക്ക് കടന്നു വരാം..

ശൈഖ് ജീലാനി(റ) തിരു സിയാറതിന്റെ സമയം തെറ്റു പൊറുപ്പിക്കാൻ ഈ ആയത് ഓതിക്കൊണ്ട് മുത്തുനബി(സ) യെ വിളിച്ചു ഇടപെടാൻ കൽപ്പിക്കുന്നുണ്ട്.

ശൈഖ് ജീലാനി(റ) പറയുന്നു.

اللهم إنك قلت في كتابك لنبيك: ﴿ولَوْ أَنَّهُمْ إذ ظَّلَمُوا أنفُسَهُمْ جاءُوك فَاسْتَغْفَرُوا اللَّهَ واسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَّحِيمًا﴾ [النساء: ٦٤]. وإني أتيت بيتك تائبًا من ذنوبي مستغفرًا، فأسألك أن توجب لي المغفرة كما أوجبتها لمن أتاه في حياته، فأقر عنده بذنبه فدعا له نبيه فغفرت له.

اللهم إني أتوجه إليك بنبيك عليه سلامك نبي الرحمة، يا رسول الله إني أتوجه بك إلى ربي ليغفر لي ذنوبي، اللهم إني أسألك بحقه أن تغفر لي وترحمني، اللهم أجعل محمدًا أول الشافعين وأنجح السائلين وأكرم الأولين والآخرين.

- **الغنية لطالبي طريق الحق ١/٣٦ — عبد القادر الجيلاني (ت ٥٦١)**

"സിയാറത്ത് ചെയ്യുന്നവൻ മുത്ത് നബിയുടെ ഖബറിനു ചാരത്തു വന്നു പറയണം: റബ്ബേ.. നീ പരിശുദ്ധ ഖുർആനിൽ ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفِرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ എന്ന് പറഞ്ഞിട്ടുണ്ടല്ലോ!? ഞാനിവിടെ എന്റെ തെറ്റുകൾക്ക് തൗബ ചെയ്യാനാണ് എത്തിയിരിക്കുന്നത്. മുത്ത് നബിയുടെ ജീവിതകാലത്ത് അവിടുത്തോട് തെറ്റുപൊറുക്കാൻ ആവശ്യപ്പെട്ടു വന്നവർക്ക് നീ പൊറുത്തു നൽകിയിട്ടുണ്ട്. അത് കൊണ്ട് ഞാനുമിതാ മുത്ത് നബിയെ കൊണ്ട് നിന്നിലേക്കു മുന്നിടുന്നു. യാ റസൂലല്ലാഹ്!! ഞാനെന്റെ തെറ്റുകൾ പൊറുത്ത് ലഭിക്കാൻ അങ്ങയെ കൊണ്ട് റബ്ബിലേക്ക് മുന്നിടുന്നു. അല്ലാഹുവേ മുത്ത് നബിയുടെ ഹഖ് കൊണ്ട് നിന്നോട് ഞാൻ ചോദിക്കുന്നു. എനിക്ക് നീ റഹ്മത്തും മഗ്ഫിറത്തും നൽകണേ." (ഗുൻയഃ/ **ശൈഖ് ജീലാനി(റ)1/36)**

ഇമാം സുംഹൂദി(റ) പറയുന്നു.(ഹി.911)

﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ﴾ [النساء: ٦٤] الآية دالة على الحث بالمجيء إلى الرسول ﷺ، والاستغفار عنده، واستغفاره لهم وهذه رتبة لا تنقطع بموته صلى الله تعالى عليه وسلم،

- وفاء الوفاء بأخبار دار المصطفى ١٨٥/٤ — السمهودي (ت)

“സൂറതു നിസാഇലെ ഈ ആയത് മുത്ത്നബി(സ)യുടെ ചാരെ വരാനും അവിടെ നിന്ന് പൊറുക്കലിനെ തേടാനും തെളിവാണ്. ഈ സ്ഥാനം അവിടുത്തെ വഫാത് കൊണ്ട് ഒരിക്കലും മുറിഞ്ഞു പോകാത്തതാണ്. **(വഫാഉൽ വഫാ/ ഇമാം സുംഹൂദി(റ):4/185)**

ഹമ്പലീ മദ്ഹബിലെ പണ്ഡിതൻ ഇമാം ഇബ്നു ഖുദാമ (റ)(ഹി.620) തിരുസിയാറതിന്റെ സമയം നമ്മോട് പറയാൻ നിർദ്ദേശിക്കുന്നു.

اللَّهُمَّ إنَّك قُلْت وَقَوْلُك الْحَقُّ: ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جاءُوك فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ [النساء: ٦٤] . وَقَدْ أَتَيْتُك مُسْتَغْفِرًا مِنْ ذُنُوبِي، مُسْتَشْفِعًا بِك إلَى رَبِّي فَأَسْأَلُكَ يَا رَبِّ أَنْ تُوجِبَ لِي الْمَغْفِرَةَ كَمَا أَوْجَبْتَهَا لِمَنْ أَتَاهُ فِي حَيَاتِهِ

- المغني لابن قدامة - ط مكتبة القاهرة ٤٧٨/٣ — ابن قدامة (ت ٦٢٠)

“അല്ലാഹുവേ.... നീ ഖുർആനിൽ പറഞ്ഞ ഈ ആയത് ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جاءُوكَ فَاسْتَغْفِرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ ഹഖാണ്. തിരുനബിയേ.. ഞാനിതാ അങ്ങയോട് എന്റെ തെറ്റുകൾ പൊറുപ്പിക്കാൻ എന്റെ റബ്ബിലേക്കുള്ള ശുപാർശ തേടി അങ്ങയുടെ ചാരത്തെത്തിയിരിക്കുന്നു. റബ്ബേ.. മുത്ത്നബിയുടെ ചാരെ അവിടുത്തെ ജീവിത കാലത്തു തെറ്റുപൊറുപ്പിക്കാൻ ആവശ്യപ്പെട്ടു വന്നവർക്ക് നീ പൊറുത്തു നൽകിയ പോലെ എനിക്കും നീ പൊറുത്തു തരേണമേ... **(മുഗ്നി/ ഇമാം ഇബ്നു ഖുദാമ(റ) 3/473)**

ഇനിയും നിരവധി ഇമാമീങ്ങൾ ഈ ആയതു കൊണ്ടു തന്നെ ഇസ്തിഗാസ ചെയ്യാൻ കൽപ്പിക്കുന്നുണ്ട്. വിശദ വായനക്ക് അവസാന ഭാഗം നോക്കാം.

# ഉത്ബി(റ)[1] വിന്റെ സംഭവം

ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സൂറതു നിസാഇലെ ആയത് 64ന്റെ വെളിച്ചത്തിൽ നൂറുകണക്കിന് ഇമാമീങ്ങൾ[2] തിരുസിയാറതിന്റെ സമയത്ത് ഇസ്തിഗാസ പഠിപ്പിച്ചതും ചെയ്യാനായി കൽപ്പിച്ചതുമായ സംഭവമാണ് ഉത്ബി(റ) പറഞ്ഞ അനുഭവ ചരിത്രം. ഈ ചരിത്രത്തിൽ പ്രസ്തുത ആയത് ഓതിക്കൊണ്ട്, (وقد جئتك مستغفراً من ذنبي) ‘‘ഞാൻ അങ്ങയുടെ ചാരെ വന്നത് എന്റെ തെറ്റു പൊറുപ്പിക്കൽ ആവശ്യപ്പെടുന്ന വനായിട്ടാണ്’’ എന്ന വാക്ക് ഈആയതിന്റെ കൂടെ പറയുന്നത് വളരെ ശ്രദ്ധേയമാണ്.

ഉതബി(റ)വിന്റെ ചരിത്രത്തിൽ ആ അഅ്റാബി പറഞ്ഞ ഈ വാക്കുകൾ തന്നെ തിരു സിയാറതിൽ മുത്ത് നബി(സ)ക്ക് നേരെ മുഖം തിരിച്ചുകൊണ്ട് വിശ്വാസികൾ പറയണമെന്ന് കൽപ്പിച്ച ഇമാമീങ്ങൾ അൽപ്പമൊന്നുമല്ല. നാലു മദ്ഹബിലെയും ഏകദേശം കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ മുഴുവൻ ഇങ്ങനെ തന്നെ പറയാൻ വേണ്ടി നിർദ്ദേശിക്കുന്നുണ്ട്.

ഇമാം ബൈഹഖി(റ) തന്റെ ശുഅ്ബുൽ ഈമാനിൽ ഹജ്ജിന്റെ ബാബിൽ ഈ സംഭവം ഉദ്ധരിക്കുന്നു.

1 മഹാനെ കുറിച്ച് വിശദമായി ചോദ്യോത്തര ഭാഗത്ത് വരുന്നുണ്ട്.

Sunnahclub.in

٣٨٨٠ أخبرنا أبو علي الروذباري، حدثنا عمرو بن محمد بن عمرو بن الحسين بن بقية إملاء، حدثنا شكر الهروي، حدثنا يزيد (١) الرقاشي، عن محمد بن روح بن يزيد البصري، حدثني أبو حرب الهلالي قال: حج أعرابي فلما جاء إلى باب مسجد رسول الله ﷺ أناخ راحلته فعقلها ثم دخل المسجد حتى أتى القبر ووقف بحذاء وجه رسول الله ﷺ فقال: بأبي أنت وأمي يا رسول الله جئتك مثقلًا بالذنوب والخطايا يا مستشفعًا بك على ربك لأنه قال في محكم كتابه: ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾

وقد جئتك بأبي أنت وأمي مثقلًا بالذنوب والخطايا أستشفع بك على ربك أن يغفر لي ذنوبي وأن تشفع في ثم أقبل في عرض الناس ويقول:

يا خير من دفنت في الترب أعظمه ... فطاب من طيبه الأبقاع والاكم
نفسي الفداء بقبر أنت ساكنه ... فيه العفاف وفيه الجود والكرم
وفي غير هذه الرواية: فطاب من طيبه القيعان والاكم

- **شعب الإيمان - ط الرشد ٦/٦٠ — أبو بكر البيهقي (ت ٤٥٨)**

ഇമാം നവവി(റ)തന്റെ രണ്ടു കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലും അദ്കാറിലും ഈ ചരിത്രം പൂർണ്ണമായി എഴുതുന്നതിങ്ങനെ.

وَمِنْ أَحْسَنِ مَا يَقُولُ مَا حَكَاهُ الْمَاوَرْدِيُّ وَالْقَاضِي أَبُو الطَّيِّبِ وَسَائِرُ أَصْحَابِنَا عَنْ الْعُتْبِيِّ مُسْتَحْسِنِينَ لَهُ قَالَ (كُنْت جَالِسًا عِنْدَ قَبْرِ رَسُولِ اللَّهِ ﷺ فَجَاءَ أَعْرَابِيٌّ فَقَالَ السَّلَامُ عَلَيْك يَا رَسُولَ اللَّهِ سَمِعْت اللَّهَ يَقُولُ ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ وَقَدْ جِئْتُك مُسْتَغْفِرًا مِنْ ذَنْبِي مُسْتَشْفِعًا بِك إلَى رَبِّي ثُمَّ أَنْشَأَ يَقُولُ

يَا خَيْرَ مَنْ دُفِنْت بِالْقَاعِ أَعْظَمُهُ...... فَطَابَ مِنْ طِيبِهِنَّ الْقَاعُ وَالْأَكَمُ
نَفْسِي الْفِدَاءُ لِقَبْرٍ أَنْتَ سَاكِنُهُ ........فِيهِ الْعَفَافُ وَفِيهِ الْجُودُ وَالْكَرَمُ

ثُمَّ انْصَرَفَ فَحَمَلَتْنِي عَيْنَايَ فَرَأَيْت النَّبِيَّ ﷺ فِي النَّوْمِ فَقَالَ يَا عُتْبِيُّ الْحَقْ الْأَعْرَابِيَّ فَبَشِّرْهُ بِأَنَّ اللَّهَ تَعَالَى قَدْ غَفَرَ لَهُ ثُمَّ يَتَقَدَّمُ إلَى رَأْسِ الْقَبْرِ فَيَقِفُ بَيْنَ الْأُسْطُوَانَةِ وَيَسْتَقْبِلُ الْقِبْلَةَ

Sunnahclub.in

- المجموع شرح المهذب - ط المنيرية ٢٧٤/٨ — النووي (ت ٦٧٦)
- الأذكارللنووي ت الأرنؤوط ٢٠٦/١ — النووي (ت ٦٧٦)
- الإيضاح في مناسك الحج والعمرة ٤٥٤/١ — النووي (ت ٦٧٦)

മുത്ത് നബിക്ക് സലാം പറഞ്ഞതിനു ശേഷം തിരുമുറ്റത്ത് വെച്ച് ചെയ്യാനുള്ളഏറ്റവും നല്ല കാര്യം. ഉതബി(റ) വിൽ നിന്ന് നമ്മുടെ കർമ ശാസ്ത്ര പണ്ഡിതരെല്ലാം[1] വളരെ നല്ലതായി കണ്ടുകൊണ്ട് ഉദ്ധരിച്ച ഉതബി(റ) വിന്റെ സംഭവത്തിലുള്ളത് പോലെ ചെയ്യലാണ്. ഉത്ബി(റ) പറഞ്ഞു. ഞാൻ മുത്ത് നബി (സ്വ)യുടെ ഖവറിന് ചാരെയിരിക്കുമ്പോൾ ഒരു അഅ്റാബി വന്നുകൊണ്ട്, മുത്ത് നബി(സ്വ) യോട് സലാം ചൊല്ലി, ശേഷം പറഞ്ഞു. "യാ റസൂലല്ലാഹ്! ഞാൻ പരിശുദ്ധ ഖുർആനിൽ നിന്ന് ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ എന്ന ആയത് കേട്ടിട്ടുണ്ട്. ഈ ആയതിന്റെ അടിസ്ഥാനത്തിൽ ഞാനെന്റെ തെറ്റുകൾ പൊറുപ്പിക്കാൻ വേണ്ടി എന്റെ റബ്ബിലേക്കുള്ള ശിപാർശ അങ്ങയോട് തേടിക്കൊണ്ടാണ്[2] ഇവിടെ വന്നിരിക്കുന്നത്. ശേഷം അദ്ദേഹം പാടി...

*"ഈ ഖാഅ് എന്ന പ്രദേശത്ത് (മദീനയിൽ) മറവു ചെയ്യപ്പെട്ടവരിൽ ഏറ്റവും പുണ്യവാനായ നബിയെ... അവിടുത്തെ സൗരഭ്യം കാരണമായി ഈ പരിസരം പരിമളമായിരിക്കുന്നു... എന്റെ ഈ ശരീരം അങ്ങ് വിശ്രമിക്കുന്ന ഈ ഖബർ ശരീഫി നു ഞാൻ സമർപ്പിച്ചിരിക്കുന്നു... വിട്ടുവീഴ്ചയും ഔദാര്യവും, മഹത്വവുമെല്ലാം ഈ ഖബർ ശരീഫിലാണല്ലോ ഉള്ളത്..."*

---

[1] എല്ലാ മദ്ഹബിലെ ഇമാമീങ്ങളും ഉണ്ട്. വിശദമായ തെളിവുകൾ ഇതിന്റെ അവസാനത്തിൽ ചേർക്കും.

[2] ഇവിടെ അങ്ങയോട് ശിപാർശ തേടിക്കൊണ്ട് എന്നതു തന്നെയാണ് അർത്ഥം. വിശദമായി ശേഷം വരും.

ഉത്ബി(റ) പറയുന്നു.

ആ അഅ്റാബി പിരിഞ്ഞു പോയതിനു ശേഷം ഞാൻ അവിടെ അൽപനേരം മയങ്ങി. അപ്പോൾ റസൂൽ(സ) സ്വപ്നത്തിൽ വന്നു കൊണ്ടെന്നോട് പറഞ്ഞു "ഉത്ബീ... ആ അഅ്റാബിയുടെ അടുത്തു പോയി അദ്ദേഹത്തിന് അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നു എന്ന സന്തോഷ വാർത്ത അറിയിക്കുക." **(ശറഹുൽ മുഹദ്ദബ്:8/274) (അൽ ഈളാഹ്:404) (അദ്കാർ:1/206) –ഇമാം നവവി)**

ഇബ്നു കസീർ അടക്കം പല മുഫസ്സിറുകളും ഈ ആയതിന്റെ തഫ്സീറിലും ഈ സംഭവം കൊണ്ടുവരുന്നുണ്ട്. ഇമാമീങ്ങൾ ഒരിക്കലും ഈ സംഭവം ഉദ്ധരിക്കുക മാത്രമല്ല ചെയ്തത്. തിരു സിയാറതിൽ ഏറ്റവും നല്ല കാര്യമായി പറയാനുള്ളതെന്ന് പറഞ്ഞിട്ടാണ് പഠിപ്പിക്കുന്നത്. (وَمِنْ أَحْسَنِ مَا يَقُولُ) എന്നാണ് ഇമാം നവവി(റ) പറഞ്ഞത്. ഇത് മറ്റൊന്നും പറയാതെ ഉദ്ധരിച്ചവരും ഇതിനെ അംഗീകരിക്കുന്നവരാണ്. അല്ലെങ്കിൽ കടുത്ത ശിർക്കായ കാര്യം എല്ലാവരും കിതാബുകളിൽ ഉദ്ധരിക്കുകയെന്നത് ഈ ഇമാമീങ്ങളെ കുറിച്ച് ചിന്തിക്കാവുന്നതു പോലുമല്ല. ഈ കാര്യം ഇമാം നവവി(റ) തന്നെ വ്യക്തമാക്കുന്നുണ്ട്.

അവിടുത്തെ മുകളിലുദ്ധരിച്ച വാക്ക് ഒന്നുകൂടി ശ്രദ്ധിക്കുക.

وَمِنْ أَحْسَنِ مَا يَقُولُ مَا حَكَاهُ الْمَاوَرْدِيُّ وَالْقَاضِي أَبُو الطَّيِّبِ وَسَائِرُ أَصْحَابِنَا عَنْ الْعُتْبِيِّ مُسْتَحْسِنِينَ لَهُ) المجموع شرح المهذب - ط المنيرية ٢٧٤/٨ النووي (ت ٦٧٦)

"സിയാറത്ചെയ്യുന്നവർ പറയേണ്ട വാക്കുകളിൽ ഏറ്റവും നല്ല വാക്ക് ഉതബി(റ)വിൽ നിന്ന് നമ്മുടെ കർമശാസ്ത്ര പണ്ഡിതരായ ഇമാം മാവർദി(റ)വും, ഇമാം ഖാളി അബുത്വയ്യിബ്(റ)വും മറ്റുനമ്മുടെ മുഴുവൻ അസ്ഹാബുകളും വളരെ നല്ലതായി

അഭിപ്രായപ്പെട്ടു കൊണ്ട് ഉദ്ധരിച്ച ഉതബി(റ) വിന്റെ സംഭവത്തിലുള്ളത് പോലെ ചെയ്യലാണ്.” **(ശറഹുൽ മുഹദ്ദബ്:8/274)**

ഈ സംഭവം അല്ല ദീനിൽ പ്രമാണം. ഈ സംഭവത്തിലുള്ള ഈ ആയത് മുത്ത് നബി(സ) യോട് വഫാതിനു ശേഷവും പൊറുക്കലിനെ തേടാമെന്നതിനുള്ള രേഖയാണെന്ന് ഈ സംഭവം ഉദ്ധരിച്ച നൂറു കണക്കിന് ഇമാമീങ്ങൾ തെളിവാക്കിയിട്ടുണ്ടെന്നതിനെ പറയാനാണ് സുന്നികൾ ഇത് തെളിവാക്കുന്നത്. അതുകൊണ്ട് ഇത് സ്വപ്നക്കഥയായി തള്ളാൻ സാധിക്കില്ല. ഈ വന്ന അഅ്റാബിയെ കുറിച്ചും പ്രത്യേകം ഇമാമീങ്ങൾ വളരെ നന്നായി സംസാരിച്ചിട്ടുണ്ട്.

ഇമാം ഇബ്നു ളിയാഅ്(റ)(ഹി.854) പറയുന്നു.

وَلِلَّه در هَذَا الْأَعرَابِي حَيْثُ استنبط من الْآيَة الْكَرِيمَة الْمَجِيء إِلَى زيارته ﷺ بعد مَوته مُسْتَغْفِرًا،

- **تاريخ مكة المشرفة والمسجد الحرام والمدينة الشريفة والقبر الشريف ١/٣٤٦ — ابن الضياء (ت ٨٥٤)**

ഈ ആയതിൽ നിന്ന് തിരുസിയാറതിന് തെറ്റുപൊറുപ്പിക്കാൻ വേണ്ടി വരണമെന്നു മനസ്സിലാക്കിയെടുത്ത ഈ അഅ്റാബി എത്ര നല്ല മനുഷ്യൻ!**(താരീഖു മക്ക...:1/346)**

ഈ സംഭവം കൊണ്ട് മാത്രമേ ഈ ആയത് തെളിവാണെന്ന് മനസ്സിലായിട്ടുള്ളൂ എന്നും പറയാൻ നിർവ്വാഹമില്ല. കാരണം, ഈ സംഭവം തീരെ പറയാതെ ഈ ആയതുവെച്ചു കൊണ്ടും ഒരുപാട് ഇമാമീങ്ങൾ മുത്ത് നബി(സ)യോട് പൊറുക്കലിനെ തേടാൻ പറയുന്നുണ്ട്. ചുരുക്കത്തിൽ ഈ ആയതാണ് സുന്നികൾക്ക് ഇമാമീങ്ങൾ പഠിപ്പിച്ച തെളിവ്.

# ചില ചോദ്യങ്ങളും മറുപടിയും

നിസാഅ് സൂറതിലെ ഈ ആയതനുസരിച്ചു കൊണ്ട് നൂറുകണക്കിന് ഇമാമീങ്ങൾ വഫാതിന് ശേഷവും പാപമോചനത്തിന് വേണ്ടി മുത്ത് നബി(സ) യെ സമീപ്പിക്കാൻ കൽപ്പിക്കുന്നുണ്ടെന്ന് നാം വ്യക്തമാക്കി. ഇനി ഇതിനെ വക്രീകരിക്കാൻ ഇവരാരും ചിന്തിക്കാത്ത, ഈ ദീനിലെ 14 നൂറ്റാണ്ടകളിലായി ഇവിടെ കഴിഞ്ഞുപോയവരാരും ചിന്തിക്കാത്ത ചോദ്യങ്ങളായിരിക്കും ഇതിനെതിരെ ഉന്നയിക്കപ്പെട്ടിട്ടുണ്ടാവുക. അത്രമാത്രം ഇമാമീങ്ങൾ ഈ ആയത് വിശദീകരിച്ചിട്ടുണ്ട്. ഇനി വിശദീകരിക്കാത്ത ഒരു ഇമാം പോലും ഇത്രയധികം ഗ്രന്ഥങ്ങളിൽ ഉണ്ടായിട്ടും ഒരക്ഷരം പോലും എതിർത്തതായും കാണാനാകില്ല. അത്കൊണ്ട് ഇത്രയും വ്യക്തമായ ആദർശത്തിൽ നിന്നുള്ള ഒളിഞ്ഞോട്ടം മാത്രമായേ ഇതിനെതിരെ ഉന്നയിക്കുന്ന മിക്ക ചോദ്യങ്ങളേയും നമുക്ക് കാണാനാകൂ...

## ചോദ്യം:01

*ഖുർആനിലെ ഈ ആത് നബി(സ)യുടെ ജീവിത കാല ത്തേക്കു മാത്രമാണെന്ന് ബിദ്അതുകാർ വാദിക്കാറുണ്ട്. അ തിനവർ ചില ന്യായങ്ങളും പറയാറുണ്ട്. എന്താണു മറുപടി.?*

### മറുപടി

നൂറു കണക്കിന് ഇമാമീങ്ങൾ ഈ ആയത്ത് കർമ ശാസ്ത്ര ഗ്രന്ഥങ്ങളിലും തഫ്സീറുകളിലും കൊണ്ടുവന്നിട്ട് ഇതനുസരി ച്ചു പ്രവർത്തിക്കണമെന്ന് പറയുന്നുണ്ടെന്നതു തന്നെയാണ് ഈ ആയത് നബി(സ)യുടെ കാലത്തേക്ക് മാത്രമല്ല എന്നതി നു ഏറ്റവും നല്ല മറുപടി. കാരണം ഖുർആനിലെ ആയതുകൾ മുഫസ്സിരീങ്ങളും അതിൽ നിന്ന് മസ്അലകൾ കണ്ടെത്തുന്ന ഫുഖഹാക്കളുമാണല്ലോ വിശദീകരിക്കുക. അവർ ഏകോപന സ്വരത്തിൽ ഇത് എക്കാലത്തും വിശ്വാസികൾ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ പിന്നെ ആരുടെ വ്യാഖ്യാനമനുസരി ച്ചാണ് ഇത് നബി(സ)യുടെ കാലത്തേക്കു മാത്രമാണെന്ന് പറ യുന്നത്!?

പരിശുദ്ധ ഖുർആനിന്റെ ഏതു ആയതാണെങ്കിലും അത് ഇറങ്ങാൻ ചില പ്രത്യേക സന്ദർഭങ്ങളുണ്ടെന്നത് സത്യമാണ്. പക്ഷെ, അതെല്ലാം ആ സന്ദർഭത്തേക്കു മാത്രമാണെന്ന് ഒരാ ൾക്കും വാദിക്കാൻ സാധിക്കില്ല. അങ്ങനെയാണെങ്കിൽ ഖുർ ആനിൽ പിൽക്കാലത്തേക്ക് പ്രത്യേകിച്ചു ആയതുകൾ ഇല്ല എ ന്നു തന്നെ പറയേണ്ടിവരും. കാരണം: തഫ്സീറുകൾ നോക്കി യാൽ ഏതു ആയതിനും 'സബബുന്നുസൂൽ' (അവതരണ പ ശ്ചാത്തലം കാണാനാകും. ആ പശ്ചാത്തലം അവസാനിച്ചാ

ൽ ആ ആയതിലെ വിധി അവസാനിച്ചു എന്നു പറഞ്ഞു ഒളി ച്ചോടുന്നത് ഇസ്തിഗാസയിൽ നിന്നു മാത്രമാകില്ല. പരിശുദ്ധ ഖുർആനിലെ മിക്ക കൽപ്പന/വിരോധനകളിൽ നിന്നും ആർ ക്കും ഒളിച്ചോടാനാകുന്ന ന്യായമാണ്.

സുബൈർ(റ) ഒരു അൻസാരിയുമായി വെള്ളത്തിന്റെ കാ ര്യത്തിൽ തർക്കിച്ച ഒരു സംഭവം ഇതിനു ശേഷമുള്ള ആയതി ന്റെ പശ്ചാത്തലമായി മുഫസ്സിറുകൾ കൊണ്ടു വരുന്നുണ്ട്. ആ പശ്ചാത്തലം അവസാനിച്ചതോടെ ഈ ആയതിലെ ഹുക്മ് അ വസാനിച്ചുവെന്ന് പറയുന്നത് എത്രമാത്രം ബാലുഷമാണ്.!?

ഈ സംഭവം ഉയർത്തിക്കാണിച്ചു ഈ ആയത് മുനാഫി ഖീങ്ങളോടു മാത്രം പറഞ്ഞതാണെന്ന് വരെ ബിദ്അതുകാർ വാദിക്കാറുണ്ട്. നാലു മദ്ഹബിലെ ഇമാമീങ്ങളും സിയാറത് ചെയ്യുന്ന വിശ്വാസികളോട് ഇതനുസരിച്ചു ചെയ്യാൻ പറഞ്ഞ ത് അംഗീകരിക്കാത്തവർ ഇത്രമാത്രം വലിയ അബദ്ധത്തിൽ ചെന്നുചാടുമെന്നത് ചിന്തിക്കാൻ പോലും സാധിക്കുന്നതല്ല. മുനാഫിഖീങ്ങളോട് നബി(സ)യുടെ വഫാതിന് ശേഷം അല്ലാ ഹു ഇവരുടെ വാദത്തിലുള്ള ശിർക്കായ ഇസ്ഗാസ ചെയ്യാനാ ണോ കൽപ്പിക്കുന്നത്!?

ഇനി ഭാഷാപരമായി إِذْ എന്ന വാക്ക് കഴിഞ്ഞുപോയ സ ന്ദർഭത്തിനാണ് കൂടുതൽ ഉപയോഗിക്കാറുള്ളത് എന്നന്യായം പറയാനും നിർവാഹമില്ല. കാരണം ഖുർആനിൽ തന്നെ إِذْ എ ന്ന പദം വരാനിരിക്കുന്നതിനെ സൂചിപ്പിക്കുന്ന إِذَا എന്നതിന്റെ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സൂറതുൽ അൻആമിൽ ര ണ്ടു സ്ഥലത്തു വരാനിരിക്കുന്ന നരകത്തെയും, പരലോക ത്തേയും കുറിച്ച് ഇതേ ശൈലിയിൽ ഉപയോഗിക്കുന്നു.

﴿وَلَوْ تَرَىٰٓ إِذْ وُقِفُوا۟ عَلَى ٱلنَّارِ فَقَالُوا۟ يَـٰلَيْتَنَا نُرَدُّ....﴾ ٢٧ الأنعام

﴿وَلَوْ تَرَىٰٓ إِذْ وُقِفُوا۟ عَلَىٰ رَبِّهِمْ ۚ ﴿٣٠﴾﴾ **الأنعام**

ഈ അർത്ഥമാണ് ഇവിടെയും എന്നത് വ്യക്തമാക്കാനാണ് ഇബ്നുകസീർ പോലും يُرْشِدُ تَعَالَى الْعُصَاةَ وَالْمُذْنِبِينَ إِذَا وَقَعَ مِنْهُمُ الْخَطَأُ എന്ന് തന്നെ إِذَا എന്ന പദം ഉപയോഗിച്ചു കൊണ്ട് വിശദീകരിച്ചത്. പുറമെ يُرْشِدُ എന്ന വാക്ക് ഭാവി കാലത്തിനും വർത്തമാന കാലത്തിനും ഉപയോഗിക്കാറുള്ള വാക്കാണ്. അതായത് 'എക്കാലത്തേക്കും അല്ലാഹു നിർദ്ദേശിച്ചുകൊണ്ടേയിരിക്കുന്നു' വെന്നാണ് അർത്ഥം.

ഇതിനെല്ലാം പുറമെ സ്വഹാബത് മുതൽ ഇക്കാലം വരെയുള്ള മുഴുവൻ ഇമാമീമീങ്ങളും ഇജ്മാആയി പറഞ്ഞ മുത്ത് നബി(സ)യുടെ സിയാറതിന് പോകൽ സുന്നത്താണെന്നതിന്റെ വ്യക്തമായ പ്രമാണം കൂടിയാണ് ഈ ആയത്. അതെങ്ങനെയായാലും അവിടുത്തെ വഫാതിനു ശേഷമേ സാധ്യമാവുകയുള്ളൂ.. അതിനാൽ ഈ ഉമ്മതിന്റെ ഇജ്മാഅ് തന്നെ ഈ ആയത് വഫാതിനു ശേഷം ബാധകമാണെന്നതിനുള്ള തെളിവാണ്.

ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) പറയുന്നു.

اعلم وفقني الله واياك لطاعاته ، وفهم خصوصيات نبيه ، والمسارعة الى مرضاته ان زيارته مشروعة مطلوبة بالكتاب والسنة واجماع الأمة وبالقياس

أما الكتاب فقوله تعالى : ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ دلت على حث الأمة على المجيء اليه والاستغفار عنده واستغفاره لهم ، وهذا لا ينقطع بموته

- **الجوهر المنظم للإمام ابن حجر الهيتمي:ص:١٢**

തിരുസിയാറത് ശറആക്കപ്പെട്ടതാണെന്ന കാര്യം ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും ഇജ്മാഅ് കൊണ്ടും ഖിയാസ്

കൊണ്ടും സ്ഥിരപ്പെട്ടതാണ്. ഖുർആനിൽ ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ എന്ന ആത് ഈ ഉമ്മത്തിനെ തന്നെ മുത്തുനബി(സ)യുടെ ചാരെ വരാനും അവിടം വെച്ച് പൊറുക്കലിനെ തേടാനുമാണ് പ്രേരിപ്പിക്കുന്നത്. അതുമുഖേനെ മുത്ത് നബി(സ) അവിടം വെച്ച് നമുക്ക് വേണ്ടി പെറുക്കലിനെ തേടും. ഇതൊരിക്കലും അവിടുത്തെ വഫാതു കൊണ്ട് മുറിഞ്ഞു പോകുന്ന കാര്യമല്ല.**(അൽ ജൗഹറുൽ മുനള്ളം:12)**

## ചോദ്യം: 02

*ഈ ആയത് നമുക്ക് ബാധകമാണെങ്കിൽ എന്തു തെറ്റു ചെയ്തവരും അതു പൊറുപ്പിക്കാൻ നബി(സ)യുടെ ചാരെ പോകേണ്ടി വരുമായിരുന്നു, എന്നൊക്കെ ചില മൌലവിമാർ പ്രസംഗിക്കുന്നത് കേൾക്കാറുണ്ട്. ഖുർആനിൽ ഒരു കാര്യം ചെയ്യണമെന്ന് പറഞ്ഞാൽ അതു നിർബന്ധമാണെന്ന ആശയമല്ലേ ആ പറയുന്നതിന്റെ ആകത്തുക!? അത് എത്രമാത്രം ശരിയാണ്!?*

## മറുപടി

തിരു ഹബീബിനെ സിയാറത് ചെയ്യുവാൻ വരികയും വന്നവർ അവിടുത്തോട് പൊറുക്കലിനെ തേടുവാൻ അപേക്ഷിക്കുകയും ചെയതാൽ അല്ലാഹു പൊറുത്തു തരുമെന്ന ആശയത്തിൽ നിന്ന് ഇങ്ങനെയെല്ലാം ചെയ്താലേ റബ്ബ് ഏതു ദോശവും പൊറുത്തു നൽകുകയുള്ളൂ എന്ന് വക്രീകരിച്ചു വായിച്ചു, ഈ ആതിലെ വിഷയത്തെ എതിർക്കാനാണ് ഇവർ ശ്രമിക്കുന്നത്.

ഉദാഹരണത്തിന് സ്വദഖ ചെയ്താൽ തെറ്റു പൊറുപ്പിക്കപ്പെടും എന്ന് ഹദീസിലുണ്ട്. അതിൽ നിന്ന് സ്വദഖ ചെയ്താലേ തെറ്റു പൊറുപ്പിക്കപ്പെടുകയുള്ളൂ എന്ന് വായിക്കുന്നത് എത്ര വലിയ വളച്ചൊടിക്കലാണ്!?

പരിശുദ്ധ ഖുർആനിൽതന്നെ “അല്ലാഹുവിന് വേണ്ടി നല്ല മനസ്സോടെ സ്വദഖ ചെയ്താൽ അവന് സമ്പത്തു ഇരട്ടിക്കുകയും തെറ്റുകൾ പൊറുക്കപ്പെടുകയും ചെയ്യും” എന്ന് റബ്ബ് പറയുന്നുണ്ട്. (തഗാബുൻ.17)

﴿إِن تُقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا يُضَـٰعِفْهُ لَكُمْ وَيَغْفِرْ لَكُمْ ۚ وَٱللَّهُ شَكُورٌ حَلِيمٌ﴾ [التغابن ١٧]

ഇതിനർത്ഥം ഇനി ഒരാൾക്ക് തെറ്റു പൊറുത്തു കിട്ടണമെങ്കിൽ സ്വദഖ ചെയ്യുകയേ മാർഗ്ഗമുള്ളൂ എന്നാണോ!? സ്വദഖ നൽകിയാൽ പൊറുത്തു കിട്ടുമെന്ന് ഈ ആത് കൊണ്ട് പറഞ്ഞ ഒരുത്തനോട് ഈ വാദക്കാർ “ഈ ആയതിന്റെ ആശയം നമുക്ക് ബാധകമല്ല, ബാധകമാണെങ്കിൽ ഇനി സ്വദഖ ചെയ്തില്ലെങ്കിൽ തറ്റു പൊറുത്തുകിട്ടില്ല, എന്നു പറയേണ്ടി വരുമെന്ന്” വാദിക്കുമോ!?എത്രമാത്രം വലിയ ദുർവ്യാഖ്യാനമാണ് ഇസ്തിഗാസയിൽ നിന്ന് ഒളിച്ചോടാൻ ഇവർ ചെയ്യുന്നത്!? ആടിനെ പട്ടിയാക്കി, തല്ലിക്കൊല്ലുന്ന പ്രവണത ദുർവ്യാഖ്യാനത്തിലും തുടങ്ങിയോ!? ഒരായതിന്റെ അർത്ഥം തിരിച്ചിട്ടു ദുർവ്യാഖ്യാനിച്ചു, ആ ദുർവ്യാഖ്യാനമനുസരിച്ച് ആയതിന്റെ യഥാർത്ഥ ആശയത്തെ തള്ളിക്കളയുകയാണിത്.

ഇനിയും എത്ര ഇതുപോലുള്ള ആയതുകളും ഹദീസുകളുമുണ്ട്! “ഒരു അമൽ ചെയ്താൽ തെറ്റുകൾ പൊറുക്കും/ സ്വർഗ്ഗത്തിൽ പ്രവേശിക്കും” എന്നിങ്ങനെ പറഞ്ഞാൻ ആ അമൽ ചെയ്താലേ സ്വർഗ്ഗത്തിൽ പ്രവേശിക്കൂ.. ബാക്കിയുള്ള അമൽ കൊണ്ടൊന്നും സ്വർഗ്ഗപ്രവേശം/ പാപമോചനം ലഭിക്കില്ല, എന്ന് അർത്ഥം അൽപ്പം ചിന്തിക്കുന്ന ആൾ നൽകുമോ!? ഇത്

Sunnahclub.in

ഇത്ര വ്യക്തമായ ആശയം പഠിപ്പിച്ച ഈ ആയതിനെ കുറിച്ച് സാധുക്കളായ ജനങ്ങളുടെ ചോദ്യങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള ദുർവ്യാഖ്യാനം മാത്രമാണിത്.

ഇതിന് തെളിവാണെന്ന് പറഞ്ഞു കൊണ്ട് ഇമാം റാസി (റ)വിന്റെ ഒരുവാക്ക് ബിദ്അതുകാർ കൊണ്ടുവരാറുണ്ട്. അത് ഈ ആയതിന്റെ അവതരണം നടന്ന സംഭവത്തിലുള്ളവരെ കുറിച്ചാണ്. അവതരണപശ്ചാത്തലം സ്വന്തം ശരീരത്തോട് മാത്രം അക്രമം ചെയ്ത ചരിത്രമല്ല. മുത്ത്നബി(സ)യെ വിശമിപ്പിച്ച കാരണം കൊണ്ട് അവിടുത്തോട് പോയി പൊരുത്തപ്പെട്ടു നൽകാനാണ് ആ മുനാഫിഖിനോട് പറയുന്നത്. അവർക്കത് നിർബന്ധവുമാണ്. കാരണം ഒരാളെ വേദനിപ്പിച്ചാൽ അദ്ദേഹത്തിന്റെ പൊരുത്തം നേരിൽ വാങ്ങിയാലേ റബ്ബ് പൊറുത്തു നൽകുകയുള്ളൂ. എന്നാൽ ഈസംഭവത്തിന്റ പശ്ചാത്തലത്തിൽ അല്ലാഹു ഈ ആയത് ഇറക്കിയപ്പോഴും ഇതിൽ ഉപയോഗിച്ച പദങ്ങൾ എന്ത് തെറ്റു ചെയ്യുന്നവരേയും ഉൾക്കൊള്ളിക്കുന്ന إِذْ ظَلَمُوا أَنْفُسَهُمْ സ്വശരീരത്തോട് അക്രമം ചെയ്തവർ എന്ന പദമാണ് ഉപയോഗിച്ചത്, ഇത് മുനാഫിഖ് ചെയ്ത നബി(സ)യെ വിശമിപ്പിക്കുക എന്ന തെറ്റിനെ മാത്രമല്ല ഉൾക്കൊ ള്ളിക്കുന്നത്. എല്ലാ തെറ്റും ഇതിൽ ഉൾപ്പെടും. ഈ സംഭവത്തിൽ ഇറങ്ങിയ ആയതായിട്ടും അല്ലാഹു ഇതിൽ പ്രയോഗിച്ച പദം എല്ലാ തിന്മകളേയും ഉൾക്കൊള്ളിക്കുന്ന പദമാണ് എന്നതു തന്നെ ഈ ആയത് ആ സംഭവത്തിൽ മാത്രം ഒതുങ്ങിയതല്ല എന്ന ആശയത്തെയാണ് സൂചിപ്പിക്കുന്നത്.

ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) ഇത് വ്യക്തമാക്കുന്നുണ്ട്.

والآية الكريمة وان وردت في قوم معينين في حال الحياة تعم بعموم العلة كل من وجد فيه ذلك الوصف في الحياة وبعد الممات ، ولذلك فهم العلماء منها العموم

للجائين ، واستحبوا لمن أتى قبره ﷺ أن يقرأها مستغفراً الله تعالى كما يأتى ذلك في حكاية العتبي التي ذكرها المصنفون في المناسك من جميع المذاهب والمؤرخون ، وكلهم استحبوها للزائر ورأوها من آدابه التي يسن له فعلها

- الجوهر المنظم للإمام ابن حجر الهيتمي:ص:١٣،١٤.

ഈ ആയത് തിരുനബി(സ)യുടെ ജീവിത കാലത്ത് നിശ്ചിത വിഭാഗത്തിന്റെ മേൽ ഇറങ്ങിയതാണെങ്കിൽ പോലും ഇതിലെ കാരണം പരിഗണിച്ചു, ജീവിതകാലത്തും വഫാതിനു ശേഷവും ഇതിൽ പറഞ്ഞ വിശേഷണമുള്ള (إِذْ ظَلَمُوا أَنْفُسَهُمْ സ്വശരീരത്തോട് അക്രമം ചെയ്തവർ) എല്ലാവർക്കും വ്യാപകമാകുന്നതാണ്. അങ്ങനെയാണ് ഉലമാക്കൾ ഇതിൽ നിന്ന് മനസ്സിലാക്കിയതും. ഉലമാക്കൾ, അവിടുത്തെ ചാരെ വന്നവർക്ക് അവിടെ വെച്ച് ഈ ആയത് ഓതലും പൊറുക്കലിനെ തേടലും സുന്നത്താക്കി. അതിന് നാലു മദ്ഹബിന്റെ ഉലമാക്കളും ചരിത്രകാരന്മാരും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ ഹജ്ജിന്റെ അധ്യായത്തിൽ ഉത്ബി(റ)വിന്റെ സംഭവം അടക്കം ഉദ്ധരിച്ചു. എന്നിട്ട് എല്ലാവരും അത് സുന്നത്താണെന്ന് വ്യക്തമാക്കി. (**അൽ ജൗഹറുൽ മുനള്ളം /ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ):13,14)**

ചുരുക്കത്തിൽ ഈ ആയത് ഏതൊരു വ്യക്തിക്കും വന്നുപോയ ഏതു തെറ്റും പൊറുപ്പിക്കാനുള്ള ദീൻ പഠിപ്പിച്ച നിരവധി മാർഗ്ഗങ്ങളിൽ ഒരു മാർഗ്ഗം മാത്രമാണ്. ഇങ്ങനെ ചെയ്താൽ അല്ലാഹു തെറ്റുകൾ പെറുത്തു നൽകും എന്നർത്ഥം. ചെയ്തങ്കിലേ പൊറുക്കൂ... എന്നർത്ഥം ഇതിനില്ല.

## ചോദ്യം: 03

*ഈ സംഭവം ഇസ്തിഗാസക്കുള്ള തെളിവല്ല. തവസ്സുലിനുള്ള തെളിവേ ആവുകയുള്ളൂ എന്ന് ചില മൌലവിമാർ പറയുന്നത് കേട്ടിട്ടുണ്ട്. അതിനുള്ള ഖണ്ഡനമുണ്ടോ!?*

**മറുപടി**

രണ്ടു തരത്തിൽ ബിദ്അതുകാർ ഈ വാദം ഉന്നയിക്കാറുണ്ട്.

**ഒന്ന്:** വഫാതായ മുത്ത് നബി(സ)യുടെ ചാരെ വന്നുകൊണ്ട് അവിടുത്തോട് ഒരു കാര്യം ദുആ ചെയ്യാൻ വേണ്ടി പറഞ്ഞാൽ അത് ഇസ്തിഗാസയല്ല, ശിർക്കുമല്ല, എന്നവാദം ഇപ്പോൾ ചില വഹാബികളിൽ കാണുന്നുണ്ട്. വിസ്ഡം വിഭാഗം മുജാഹിദുകൾ ഇത് പലപ്പോഴായി തുറന്നു പറഞ്ഞിട്ടുമുണ്ട്. ഇബ്നു തൈമിയ്യക്കു പോലും ഈ വാദമുണ്ടെന്ന് അദ്ദേഹത്തിന്റെ കിതാബിൽ കാണാനാകും. മുത്ത് നബി(സ)യുടെ ഖബറിനു ചാരെവന്നു മഴയെ തേടിയ ബിലാലുബ്നുൽ ഹാരിസ് (റ) വെന്ന സ്വഹാബിയുടെ സ്വഹീഹായ സംഭവം ശിർക്കല്ലെന്നാണ് ഈ പുതിയ വിഭാഗം വാദിക്കുന്നത്.

മുജാഹിദുകളുടെ ഈ മാറ്റം സ്വാഗതാർഹമാണ്. പക്ഷെ, ഇത് ഇസ്തിഗാസയാണോ അല്ലയോ എന്ന കാര്യം ഇത് കേൾക്കുന്നവർ തീരുമാനിക്കും. കാരണം വഫാതായ നബി(സ)യോട് ചേദിക്കുന്ന ഏറ്റവും വലിയ ഒരു സഹായാർത്ഥനയാണ്, അവിടുത്തെ മഹ്ബൂബായ റബ്ബിൽ നിന്ന് ചോദിച്ചു മഴ വാങ്ങിത്തരണേ/ മഗ്ഫിറത് വാങ്ങിത്തരണേ എന്ന സഹായാർത്ഥന.

ഇത് ഇസ്തിഗാസയല്ലെന്ന് പറയുന്നവരോട് നിങ്ങൾ മൗലിദിലും ഖുത്ബിയ്യതിലുമുള്ള ഇസ്തിഗാസകൾ കൂടി ഇതുപോ

ലെ പേരു മാറ്റിയാൽ നിങ്ങൾക്ക് ശിർക്കുവിളി നിർത്തി സുന്നത്തു ജമാഅതിലേക്ക് കടന്നു വരാമെന്നേ പറയാനുള്ളൂ...

**രണ്ട്:** ഇതിലെ വാക്കുകൾക്ക് തവസ്സുലിന്റെ അർത്ഥമേയുള്ളൂ എന്ന വാദമാണ്. അത് അറബി അറിയുന്നവരോട് സംസാരിക്കാതിരിക്കുന്നതായിരിക്കും നല്ലത്.

ഇതിലെ مُسْتَشْفِعًا بِكَ എന്നതിനർത്ഥം'അങ്ങയോട് ശിപാർശ തേടിയവനായി' എന്നതാണ്. 'അങ്ങയെകൊണ്ട് അല്ലാഹുവിനോട് ശുപാർശതേടി' എന്നല്ല അർത്ഥം. അറബിഗ്രാമർ പഠിച്ചവർക്ക് استفعل വസ്നു ب കൊണ്ടാണ് അതിന്റെ Object ലേക്ക് വിട്ടുകടക്കുക[1] എന്നും അതിന്റെ അർത്ഥം തേടുക എന്നത് കൂടിച്ചേർന്നതായിരിക്കുമെന്നതും മനസ്സിലാകും. അപ്പോൾ ഇതിനർത്ഥം അങ്ങയോട് (إِلَى رَبِّي)എന്റെ റബ്ബിലേക്കുള്ള ശിപാർശ തേടിക്കൊണ്ട് എന്നാണെന്ന് വ്യക്തം. പുറമെ ശുപാർശ എന്നാൽ ഒരുകാര്യത്തിൽ മറ്റൊരാളോട് മദ്ധ്യവർത്തിയായി ഇടപെടാലാണ്. അല്ലാഹു മറ്റൊരാളിൽനിന്ന് വാങ്ങാനുള്ള മദ്ധ്യവർത്തിയല്ല. അതുകൊണ്ട് അല്ലാഹുവിനോട് ഒരിക്കലും ശിപാർശ ആവശ്യപ്പെടുകയില്ല. അവനോട് മുത്ത് നബി(സ)യുടെ റബ്ബിലേക്കുള്ള ശിപാർശയിൽ ഇടം നൽകാൻ ആവശ്യപ്പെടാം. പക്ഷേ, ആ ആശയം ഇവിടെയുള്ള പദം കൊണ്ട് ഒരിക്കലും ലഭിക്കുകയുല്ല. ഇവിടെ വ്യക്തമായി മുത്ത് നബി(സ)യോട് റബ്ബിലേക്കുള്ള ശിപാർശയാണുള്ളത്.

ഇത് ഇങ്ങനെ തന്നെ ഇമാമീങ്ങൾ പഠിപ്പിച്ചിട്ടുമുണ്ട്. ഹനഫീ മദ്ഹബിലെ പ്രധാന കമർ ശാസ്ത്ര ഗ്രന്ഥത്തിൽ ഇമാം ഇബ്നുൽ ഹുമാം(റ) പറയുന്നു.

---

[1] ഉദാഹരണമായി, إذا استعنت فاستعن بالله എന്നതിനർത്ഥം അല്ലാഹുവിനെ കൊണ്ട് സഹായം തേടുക എന്നല്ല, അല്ലാഹുവിനോട് സഹായം തേടുക എന്നാണ്.

Sunnahclub.in

ثُمَّ يَسْأَلُ النَّبِيَّ ﷺ الشَّفَاعَةَ فَيَقُولُ. يَا رَسُولَ اللَّهِ أَسْأَلُكَ الشَّفَاعَةَ، يَا رَسُولَ اللَّهِ أَسْأَلُكَ الشَّفَاعَةَ )

- فتح القديرط الحلبي ١٨١/٣ — الكمال بن الهمام (ت ٨٦١)

സിയാറതിൽ പിന്നെ അവൻ നബി(സ)യോട് ശഫാഅതിനെ ചോദിക്കണം. അങ്ങനെ അവൻ പറയേണ്ടത്. "യാറസൂലല്ലാഹ്! അങ്ങയോട് ഞാൻ ശഫാഅതിനെ ചോദിക്കുന്നു. യാറസൂലല്ലാഹ്! അങ്ങയോട് ഞാൻ ശഫാഅതിനെ ചോദിക്കുന്നു" എന്നാണ്. **(ഫത്ഹുൽ ഖദീർ:3/181)**

## ചോദ്യം: 04

*മുകളിലുദ്ധരിച്ച സംഭവം അനുഭവിച്ചു വിവരിച്ചു തന്ന ഉത്ബി(റ) വിനെ ബിദ്അതുകാർ വിമർശിക്കാറുണ്ട്. ഇത്രമാത്രം ഇമാമീങ്ങൾ ഏറ്റവും നല്ലതായി ചെയ്യാൻ കൽപ്പിച്ച ഈ ചരിത്രത്തിലെ ഉത്ബി എന്നയാൾ മദ്യപാനിയാണെന്ന് വരെ പറയുന്നത് കേട്ടിട്ടുണ്ട്. ഉത്ബിക്കഥ എന്നു പറഞ്ഞുകൊണ്ട് തള്ളുന്ന മൌലവിമാരും ചുരുക്കമല്ല. ഇത്രമാത്രം ഇമാമീങ്ങൾ അംഗീകരിച്ച ഒരാളെയും ചരിത്രത്തേയും കുറിച്ചുള്ള ഈ വാദങ്ങൾ എത്രമാത്രം വസ്തുതയുണ്ട്.!?*

## മറുപടി

ഉത്ബി(റ) വിനെ കുറിച്ചു പറയും മുമ്പ് ഇതുവരെ പറഞ്ഞ വിഷയങ്ങൾക്ക് ഒരിക്കലും ബാധിക്കാത്ത ചോദ്യമാണിതെന്ന് മനസ്സിലാക്കൽ അനിവാര്യമാണ്. ഇവിടെ വെറും ഒരു സംഭവമല്ല നടക്കുന്നത്. സൂറതുന്നിസാഇലെ ഈ ആയത് നൂറുകണക്കിന് ഇമാമീങ്ങൾ തിരു സിയാറതിനും മുത്ത്നബി (സ)യോട്

പൊറുക്കലിനെ തേടാൻ ആവശ്യപ്പെടലിനും തെളിവാക്കുകയാണ് ചെയ്യുന്നത്. അത് സിയാറതിന്റെ ആദാബുകൾ പഠിപ്പിക്കുന്നിടത്ത് ഏറ്റവും നല്ലതായി ചെയ്യാനുള്ള കാര്യമെന്ന് പറഞ്ഞു കൊണ്ട് ഉദ്ധരിക്കുന്നു.

ഉതബി(റ) വിനെ മാത്രമല്ല, ഈ സംഭവത്തെ തന്നെ തള്ളിക്കളഞ്ഞാലും, ഇവിടെ ബാക്കി നിൽക്കുന്ന ഒരു ചോദ്യമുണ്ടല്ലോ.. ഈ സംഭവത്തിൽ തെളിവാക്കിയ നിസാഅ് സൂറതിലെ ആയത്ത്.!? അത് ദുർവ്യാഖ്യാനിച്ചതാണോ അല്ലയോ!? ഒരൊറ്റ ഇമാമെങ്കിലും ഇത് ആയത് ദുർവ്യാഖ്യാനമാണന്ന് പറഞ്ഞോ? മറിച്ച് ഈ നൂറുകണക്കിന് ഇമാമീങ്ങൾ ഈ സംഭവത്തിലുള്ളതുപോലെ ഈ ആയത് അനുസരിച്ച് ചെയ്യലാണ് ഏറ്റവുംനല്ല ഇബാദത്തെന്ന് ആവർത്തിച്ചു പഠിപ്പിക്കുകയാണ് ചെയ്തത്. ഒരു ആയതിലെ വിധി യോഗ്യനായ ഒരൊറ്റ ഇമാം പറഞ്ഞാൽ ആ വിധി ആ ആയതിന്റെ തഫ്സീർ ആണെന്നല്ലേ മുസ്ലിം ലോകം അംഗീകരിച്ചു വരുന്നത്. ഇത് തഫ്സീറിൽ പറയുക മാത്രമല്ല, നാലു മദ്ഹബിലേയും ഇമാമീങ്ങൾ ഒന്നടങ്കം അവരുടെ കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളിൽ ഈ ഒരു വിഷയം ഈ ആയത് വെച്ചു കൊണ്ട് സമർത്ഥിക്കുകയാണ് ചെയ്തത്.

**ഇനി ഉത്ബി(റ) വിനെ കുറിച്ചു പറയാം.** ഹിജ്റ 228 ൽ വഫാതായ മുഹദ്ദിസും സാഹിത്യകാരനുമായിന്നു ഉത്ബി(റ). പ്രസിദ്ധ മുഹദ്ധിസായ സുഫിയാനു ബ്നു ഉയയ്ന(റ) വിൽ നിന്ന് ഹദീസ് പഠിച്ചു. ഇമാം അബൂദാവൂദ് ഇമാം നസാഈ(റ) തുടങ്ങിയവരുടെ ശൈഖും അവരുടെ സനദിലുമുള്ള ഇമാം അബൂ ഹാതിം(റ) ഉത്ബീ(റ)വിൽ നിന്ന് ഹദീസ് സ്വീകരിച്ചിട്ടുണ്ട്.[1]

1وروى عَنهُ أَبُو دَاوُد وَالنَّسَائِيّ وَالْبَزَّار فِي مُسْنده ) الوافي بالوفيات ١٠/١٦ - الصفدي (ت ٧٦٤)

Sunnahclub.in

കവിതയിലും അറബി സാഹിത്യത്തിലും വലിയ പ്രധാന പങ്കുവഹിച്ച ഉത്ബി(റ) വിലൂടെ ജാഹിലിയ്യാകാലത്തെ പലവിധത്തിലുള്ള കവിതകൾ പലരും ഉദ്ധരിച്ചിട്ടുണ്ട്. ഇത് ഉതബി (റ) പാടിയ ചീത്ത കവിതകളാണെന്ന് ബിദ്അതുകാർ ആരോപിക്കാണുണ്ട് വലിയ ഇമാമീങ്ങൾ എഴുതിയ അറബി ഭാഷയുടെ കിതാബുകളിൽ പോലും ഇത്തരം കവിതകൾ അവർ ഉദ്ധരിക്കാറുണ്ട്. അതെല്ലാം അവരുടെ കവിതയാണെന്ന് ഇവർ വാദിക്കുമോ!? ഇത്തരം ഒരു മറുപടിയുമർഹിക്കാത്ത ആരോപണങ്ങളാണ് ബിദ്അതുകാർ മഹാനെതിരെ പടച്ചുവിടുന്നത്.

ഇവർ ഇബ്നു ഖല്ലികാൻ(റ) ഉത്ബി(റ) വിനെ കുറിച്ച് وكان مستهترا بالشراب എന്നു പറഞ്ഞതെടുത്ത് അവിടുന്ന് കള്ളുകുടിയനാണെന്ന് വരെ പറയാറുണ്ട്. ഇബ്നുഖല്ലികാൻ(റ) തന്നെ തൊട്ടപ്പുറത്തു എഴുതുന്നു.

وهو من فحول الشعراء المحدثين. وتوفي سنة ثمان وعشرين ومائتين، رحمه الله تعالى (وفيات الأعيان ٤/٤٠٠ — ابن خلكان (ت ٦٨١)

ഉത്ബി(റ) മുഹദ്ധിസീങ്ങളായ കവികളിൽ ഉന്നതരാണ്. ഹി.228 ലാണ് വഫാതാകുന്നത്. റഹിമഹുല്ലാഹു തആലാ! **(വഫയാതു ൽ അഅയാൻ:4/400)**

കള്ളുകുടിയനായ മനുഷ്യനെ കുറിച്ച് റഹിമഹുല്ലാഹ്! എന്ന് ഒരാൾ തറഹും ചൊല്ലുമോ!? വലിയ മഹാന്മാർ ഹദീസ് സ്വീകരിക്കുമോ!? മുഹദ്ദിസാണെന്ന് പറയുമോ!?

ഇനി നമുക്ക് എന്താണ് ഇബ്നു ഖല്ലികാൻ പറഞ്ഞതിനർത്ഥം എന്നു നോക്കാം. شراب എന്നതിനർത്ഥം 'പാനീയം' എന്നാണ്. അക്കാലത്ത് അറിയപ്പെട്ട പല വിധത്തിലുള്ള പാനീയങ്ങൾ കുടിക്കാറുണ്ട് എന്നാണർത്ഥമാക്കുന്നത്. നബി(സ) തങ്ങൾ തന്നെ شراب കുടിച്ചെന്ന് ഹദീസുകളിൽ കാണാം. شراب

എന്ന് കാണുമ്പോഴേക്ക് മദ്ധ്യം എന്ന് പറയുന്നവർ ഹദീസുകളിൽ എത്ര സ്ഥലത്ത് ഈ പദം വന്നിട്ടുണ്ട്. അബൂദാവൂദ്, ഇബ്നു മാജ, നസാഈ, തുടങ്ങിയ നിരവധി ഹദീസ് ഗ്രന്ഥങ്ങൾ റിപ്പോർട്ട് ചെയ്ത ഒരു സ്വഹീഹായ ഹദീസ് നോക്കാം.

٤ - كنتُ أتعرَّقُ العَظمَ وأَنا حائِضٌ فأعطيهِ النَّبيَّ ﷺ فيضعُ فمَهُ في المَوضعِ الَّذي فيهِ وضعتُهُ وأشرَبُ الشَّرابَ فأُناوِلُهُ فيضعُ فمَهُ في المَوضعِ الَّذي كنتُ أشربُ مِنهُ) **الراوي: عائشة أم المؤمنين • صحيح • أخرجه أبو داود (٢٥٩) واللفظ له، والنسائي (٧٠)، و ابن ماجه (٦٤٣)، وأحمد (٢٤٩٥٤)**

"ആഇശാ(റ)പറയുന്നു. ഞാൻ شراب കുടിക്കും. അതേ ഭാലത്തു തന്നെ വായ് വെച്ചു നബി(സ)യും അത് കുടിക്കും."

ഹാഫിളു ദഹബി ഉത്ബി(റ) വിനെ പറ്റി പറഞ്ഞിടത്തും وكان يشرب എന്നെഴുതുന്നുണ്ട്. അതേ ദഹബി തന്നെ മറ്റു പലരെ കുറിച്ചും وَكَانَ يشربُ النَّبِيذَ /وَكَانَ يَشْرَبُ الخَمْرَ، / وكان يشرب المُسْكِرَ (കള്ള്/ നബീദ്/ മസ്താക്കുന്നവ കുടിക്കും)എന്നൊക്കെ എഴുതിയത് കാണാം. പക്ഷെ ഉത്ബി(റ)യെ കുറിച്ചെഴുതിയപ്പോൾ മാത്രം وكان يشرب 'കുടിക്കും' എന്നതിൽ ചുരുക്കി. മറ്റൊരാളെ കുറിച്ച് എഴുതുന്നു. وَكَانَ يَكْرهُ أَكلَ التُّفَّاحِ، وَسُؤْرَ الفَأْرِ، وَكَانَ يَشْرَبُ العَسَلَ (അദ്ദേഹത്തിന് ആപ്പിളും എലി കുടിച്ചതിന്റെ ബാക്കിയും ഇഷ്ട മല്ല, അദ്ദേഹം തേൻ കുടിക്കുമായിരുന്നു.)[1]

---

[1] وَكَانَ يَكْرهُ أَكلَ التُّفَّاحِ، وَسُؤْرَ الفَأْرِ، وَكَانَ يَشْرَبُ العَسَلَ، **سير أعلام النبلاء - ٣٣٢/٥**
وَكَانَ يَشْرَبُ الخَمْرَ، .**سير أعلام النبلاء - ٤١٤/٣**
وكان يشرب الخمر ويرى رأي الأوائل عَلَى ما قِيلَ. **تاريخ الإسلام - ٣٢٥/٣٧**
وكان يشرب المُسْكِرَ [١] ويجوِّزَ شُرْبَهُ **تاريخ الإسلام - ٢٠٥/٤٥**
وكان يشرب النبيذ على مذهب الكوفيين، ثم تركه بأخرة، **تاريخ الإسلام - ٤٠٧/٩**
. وَقِيْلَ: بَلْ يَشْرَبُ الخَمْرَ، فَاللهُ أَعْلَمُ **سير أعلام النبلاء ٣٧٧/٨**
وَقَدْ سَكِرَ لَيْلَةً، .. وَسَارَ مَخْمُوْرًا، ....، وَكَانَ يَشرب أَيْضًا فِي جَمَاعَةٍ **سير أعلام النبلاء - ١٢٧/١٤**
ويغضب للكرَّامِيَّة، وَكَانَ يشربُ النَّبِيذَ دَائِمًا، **سير أعلام النبلاء - ١٧٧/١٣**

Sunnahclub.in

ചുരുക്കത്തിൽ ഇങ്ങനെ കിട്ടുന്നതെല്ലാം ഒപ്പിയെടുത്ത് എഴുതുക എന്നത് ചരിത്രകാരുടെ സ്വഭാവമാണ്. ഇനി 'നബീദാണ്' കുടിക്കുന്നതെന്ന് വച്ചാൽ തന്നെ നബീദ് മസ്താകുന്നതും അല്ലാത്തവയുമുണ്ട്. നബി(സ) നബീദ് കുടിച്ചെന്ന് നിരവധി ഹദീസു കളിൽ കാണാം.[1] അത് പഴയ കാലത്ത് ഈത്തപ്പഴം വെള്ള ത്തിൽ മുക്കിവെച്ചു, ഉണ്ടാക്കുന്ന പാനീയമാണ്. ഒരു പരിധി കഴിഞ്ഞാലാണ് മസ്താകുന്ന നബീദാവുക.

ഇതിനെല്ലാം പുറമേ സൂഫിയാക്കളുടെ ഭാഷയിൽ അല്ലാഹുവിൽ ലയിക്കുന്നതിനെ കുറിച്ച് മസ്താവുക എന്ന പദം ഉപയോഗിക്കാറുണ്ട്. ദിക്റിൽ ലയിക്കുന്നതിനെ കുറിച്ച് مستہتر എന്ന പദം ഹദീസിൽ വന്നിട്ടുണ്ട്.[2] ശൈഖ് ജീലാനി(റ) വിന്റെ ഫുതൂഹുൽ ഗൈബിന്റെ അവസാനം അവിടുന്ന് പാടിയ തസ്വവ്വുഫിന്റെ ബൈതുകളിൽ തന്നെ "ഞാൻ റബ്ബിനോടുള്ള ഹുബ്ബെന്ന മസ്താക്കുന്ന കള്ളു കുടിച്ചു" എന്നിങ്ങനെ തുടങ്ങിയ പ്രയോഗങ്ങൾ ധാരാളം കാണാൻ സാധിക്കും.[3]

---

1- (٢٠٠٨)عَنْ ثَابِتٍ ، عَنْ أَنَسٍ قَالَ: «لَقَدْ سَقَيْتُ رَسُولَ اللهِ بِقَدَحِي هَذَا الشَّرَابَ كُلَّهُ: الْعَسَلَ وَالنَّبِيذَ وَالْمَاءَ وَاللَّبَنَ .» **صحيح مسلم - ط التركية ١٠٤/٦ — مسلم (ت ٢٦١)**

1. അനസ്(റ) പറയുന്നു. ഞാൻ മുത്ത്നബി(സ)യെ ഈ പാത്രത്തിൽ എല്ലാവിധ شراب പാനീയങ്ങളേയും കുടിപ്പിച്ചു.തേനും, നബീദും, വെള്ളവും, പാലും എല്ലാം..(**സ്വഹീഹ് മുസ്ലിം:2008**)

[2] ഇമാം ത്വബ്റാനി റിപ്പോർട്ടു ചെയ്യുന്നു.

»أَيْنَ السَّابِقُونَ الَّذِينَ يَسْتَهْتِرُونَ بِذِكْرِ اللهِ؟ مَنْ أَحَبَّ أَنْ يَرْتَعَ فِي رِيَاضِ الْجَنَّةِ فَلْيُكْثِرْ ذَكَرَ اللهِ« وَاللَّفْظُ لِحَدِيثِ عَبْدِ اللهِ بْنِ عُمَرَ بْنِ أَبَانَ **المعجم الكبير للطبراني (ت ٣٦٠(**

നബി(സ) പറഞ്ഞു. എവിടെ അല്ലാഹുവിന്റെ ദിക്റിൽ ലയിച്ചു മതിമറന്നവർ!? അവർക്ക് സ്വർഗ്ഗമുണ്ട്.(ത്വബ്റാനി:326)

[3] سقاني الحب كاسات الوصال.... فقلت لخمرتي نحوى تعالى

شربتم فضلتى من بعد سكرى.... ولا نلتم علوى واتصالى..

Sunnahclub.in

ചുരുക്കത്തിൽ ഒരു നിലക്കും വ്യക്തമായി പറയാത്ത ഒരു വാക്കിൽ പിടിച്ചു കൊണ്ട് ഉത്ബി(റ) എന്ന മഹദ്ദിസായ മഹാനെകള്ളുകുടിയനെന്ന് ആക്ഷേപിക്കുന്നത് വെറും കാപട്യം മാത്രമാണ്.

## സംക്ഷിപ്തം

- ഉത്ബി(റ) വിന്റെ ഈ സംഭവത്തിലുള്ളതു പോലെ ചെയ്യണമെന്ന് നൂറുകണക്കിന് ഇമാമീങ്ങൾ ഈ സംഭവം ഉദ്ധരിച്ചു കൊണ്ടു തന്നെ എടുത്തു പറയുകയുണ്ടായി.

- ഈസംഭവത്തിൽ ഒരു ആയതാണ് ഇതിനുള്ള തെളിവായി കൊണ്ടുവരുന്നത്. ആ ആതിൽ പറയുന്ന ആശയത്തെ ഈ സംഭവം ഉദ്ധരിച്ചവരും അല്ലാത്തവരും അംഗീകരിക്കുന്നതോടെ മുത്ത് നബി(സ)യോട് പൊറുക്കലിനെ തേടാൻ ആവശ്യപ്പെടൽ ഖുർആനിന്റെ അർത്ഥ പരിധിയിൽ നിന്ന് തന്നെ സ്ഥിരപ്പെട്ടതാണെന്ന് മുഴുവൻ ഇമാമീങ്ങളും സമ്മതിക്കലായി.

- ഖുർആൻ കൊണ്ടു തന്നെ സ്ഥിരപ്പെട്ടതായി ഇമാമീങ്ങൾ വ്യക്തമാക്കിയ ഈ വിഷയത്തിൽ ഇതുമായി പറയുന്ന ചരിത്രത്തിലെ ഉത്ബീ(റ)നെതിരെ വിമർശനം പറയുന്നത് കൊണ്ട് ആ സംഭവത്തിലെ സർവാംഗീകൃത ആയതിലെ ആശയം ഇല്ലാതാവുകയില്ല. പുറമെ, ഈ വിമർശനത്തിലും വെറും ദുർവ്യാഖ്യാനവും വെറു ആരോപണവുമാണുള്ളത്.

Sunnahclub.in

# ഈ ആയത് കൊണ്ട് തെളിവാക്കിയ ചില കിതാബുകൾ

എല്ലായിടത്തും ലഭ്യമാകുന്ന വളരെ കുറഞ്ഞ, കിതാബുകൾ മാത്രമാണ് ഇവിടെ പരിശോധനക്ക് വേണ്ടി നൽകുന്നത്. ഈ സംഭവം നിരവധി പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

അലി(റ) വിനെ തൊട്ടും സമാനമായ സംഭവം നടന്നത് ഇമാം ഖുർത്വുബി(റ) ഈ ആതിന്റെ തഫ്സീറിൽ റിപ്പോർട്ടു ചെയ്തതു കാണാം. ആ സനദ് ളഈ ഫാണെന്ന് പല ഇമാമീങ്ങളും പറഞ്ഞിട്ടുണ്ട്. അതെടുത്തുകൊണ്ട് ഈ സംഭവം മുഴുവൻ ളഈഫാണെന്ന് തെറ്റുദ്ധരിപ്പിക്കാൻ ബിദ്അതുകാർ ശ്രമിക്കാറുണ്ട്. ഒരു സംഭവത്തിന് സ്വഹീഹും ളഈഫുമായ പല വിധത്തിലുള്ള റിപ്പോർട്ടുകളുമുണ്ടാകാറുണ്ട്. ഒരു റിപ്പോർട്ട് ളഈഫാണെന്നു പറഞ്ഞു കൊണ്ട് ഈ സംഭവം തന്നെ മുഴുവൻ തള്ളിക്കളയാനാകില്ല. ഇനി തള്ളിക്കളഞ്ഞാലും ഇതിലെ വിഷയമായ സൂറതുന്നിസാഇലെ ആയത് മുത്ത് നബി(സ) യോട് പൊറുക്കലിനെ തോടാൻ ആവശ്യപ്പെടലിന് തെളിവാണെന്ന കാര്യം ഇമാമീങ്ങളെല്ലാം അംഗീകരിച്ചുവെന്നതു കൊണ്ട് ഈ സംഭവമില്ലെങ്കിലും ആയത് എക്കാലത്തും തെളിവ് തന്നെയാണെന്നതിൽ സംശയമില്ല.

അൽപ്പം പ്രസിദ്ധമായ ചില ഇമാമീങ്ങളും അവരുടെ കിതാബുകളുടെ പേജ് നമ്പറുകൾ സഹിതം..

❁ **ابـن الجــوزي**• مثيـر الغـرام ٤٩٠/١ ❁ **الإمــام المــاوردي**• حــاوي الكبير:٢١٥/٤ **الإمام الغزالي**• إحياء علوم الدين:٢٥٩/١ ❁ **ابن عساكر**• معجم الشيوخ:٥٩٩/١ •• إتحاف الزائر ٥٥/١ ❁ **الإمام ابن قدامة الحنبلي** • مغني ٤٧٨/٣ ❁ **الإمـــام النـــووي** • الايضـــاح:٤٥٤•• الأذكـــار:٣٥٠••• شـــرح المهذب:٢٧٤/٨ ❁ **المقريزي** • إمتاع الأسماع ٦١٥/١٤ ❁ **ابـن النجار**• الدرة الثمينة في أخبار المدينة ١٥٩/١ ❁ **ابن منظور**• مختصر تاريخ دمشق ٤٠٨/٢ ❁ **التقي الفاسي**• شفاء الغرام ٤٦٢/٢ ❁ **الصالحي الشامي**• سبل الهدى والرشاد ٣٨٠/١٢ ❁ **الإمام السمهودي**• وفاء الوفاء ١٨٥/٤ ❁ **امام شهاب الدين القرافي** • كتاب الدخيرة:٣٧٥/٣ ❁ **الإمام ابن الحاج المالكي**• المدخل:٢٢٨/٣ ❁ **إمام السبكي**• شفاء السقام:٦٥,٦٦ ❁ **الإمام عزبن جماعة**• هداية السالك: ١٥١٨ ❁ **الشيخ عبد القادر الجيلاني**• كتاب الغنية: ٣٦/١ ❁ **ابن كثير**• في تفسيره: ٣٠٤/٢ ❁ **امام السخاوي**• القَولُ البَدِيعُ:١٦٧/١ ❁ **إمام القسطلاني**• المواهب اللدنية• ٥٩٦/٣ ❁ **ابن حجر الهيتمي** • الجوهر المنظم، ١٢٤,١٢٥• ❁ **الخطيب الشربيني**• مغني المحتاج:٢٨٤/٢ ❁ **امام الزرقاني**• شرح مواهب اللدنية• ١٩٨/١٢ ❁ **الإمام العمراني**• البيان في مذهب الشافعي ٣٧٩/٤ ❁**الإمام ابن مفلح** •المبدع في شرح المقنع ٢٣٦/٣ ❁ **الإمام السيوطي**• معترك الأقران ١٥٥/٣ ••الحاوي للفتاوي٣١٥/٢ ❁ **الإمام الروياني**• بحر المذهب ١٠٣/٤ ❁ ابن الأثير• الكامل في التاريخ ٣٩٥/٨ ❁ **ضياء الدين المقدسي**• ذكر المصافحة ٢٠/١ ❁ **سبط ابن الجوزي** • مرآة الزمان ٢٦٢/٤ ❁ **أبو اليمن ابن عساكر** • إتحاف الزائر ٥٤/١ ❁ **الإمام الثعلبي**• تفسير الثعلبي ٣٣/٣ ❁ **الإمام القرطبي** • تفسير القرطبي ٢٦٥/٥ ❁ **الإمام أبو حيّان** • تفسير البحر المحيط ٦٩٤/٣ ❁ **الإمام النسفي**• تفسير ٣٧٠/١ ❁ **الإمام ابن الرفعة** • كفاية النبيه ٥٣٧/٧ ❁ **الصفدي**• الوافي بالوفيات ٥/٣ ❁ الإمام ابن فرحون •ارشاد السالك ٧٦٠/٢ ❁ **ابن الضياء** •تاريخ مكة...والقبر الشريف ٣٤٦/١ ❁ **سليمان الجمل** •حاشية الجمل ٤٨٥/٢ ❁

Sunnahclub.in

## ചില കിതാബുകളുടെ ഇബാറതുകൾ കൂടി വായിക്കാം...

٣٨٨٠ أخبرنا أبو علي الروذباري، حدثنا عمرو بن محمد بن عمرو بن الحسين بن بقية إملاء، حدثنا شكر الهروي، حدثنا يزيد الرقاشي، عن محمد بن روح بن يزيد البصري، حدثني أبو حرب الهلالي قال: حج أعرابي فلما جاء إلى باب مسجد رسول الله ﷺ أناخ راحلته فعقلها ثم دخل المسجد حتى أتى القبر ووقف بحذاء وجه رسول الله ﷺ فقال: بأبي أنت وأمي يا رسول الله جئتك مثقلًا بالذنوب والخطايا يا مستشفعًا بك على ربك لأنه قال في محكم كتابه: ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾

وقد جئتك بأبي أنت وأمي مثقلًا بالذنوب والخطايا أستشفع بك على ربك أن يغفر لي ذنوبي وأن تشفع في ثم أقبل في عرض الناس ويقول:

يا خير من دفنت في الترب أعظمه ... فطاب من طيبه الأبقاع والاكم
نفسي الفداء بقبر أنت ساكنه ... فيه العفاف وفيه الجود والكرم
وفي غير هذه الرواية: فطاب من طيبه القيعان والاكم

- **شعب الإيمان - ط الرشد ٦/٦٠ — أبو بكر البيهقي (ت ٤٥٨)**

ووقف أعرابي على قبر النبي ﷺ فقال: بأبي أنت وأمي يا رسول الله، أوصيتنا فقبلنا منك، وحفظنا عنك مما وعيت عن ربك: ﴿وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاءُوكَ فَاسْتَغْفِرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا﴾ وقد ظلمنا أنفسنا فاستغفر الله لذنوبنا، وقد أتيناك فاستغفر لنا. ثم بكى.

- **بهجة المجالس و أنس المجالس ١/٢٣٣ — ابن عبد البر (ت ٤٦٣) باب ذكر الدنيا**

وَما أَرْسَلْنا مِنْ رَسُولٍ إِلَّا لِيُطاعَ بِإِذْنِ اللَّهِ وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ بالتحاكم إلى الطاغوت جاؤُكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيماً.

روى الصادق عن علي قال: قدم علينا امرؤ عند ما دفنّا رسول الله ﷺ ثلاثة أيام فرمى بنفسه على قبر النبي وحثا على رأسه من ترابه وقال: يا رسول الله قلت

Sunnahclub.in

فسمعنا قولك ووعيت من الله فوعينا عنك وكان فيما أنزل الله عليك وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جاؤُكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَحِيمًا فقد ظلمت نفسي فجئتك لتسغفر لي فنودي من القبر أنه قد غفر لك «١» .

- **تفسير الثعلبي = الكشف والبيان عن تفسير القرآن ٣/٣٣٩ — الثعلبي (ت ٤٢٧)**

